കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെടുമുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-795/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

ഇ-മെയിൽ: doalp.ksad@kerala.gov.in

തീയതി: 18.01.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമുടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെടുമുടി ഗ്രാമപഞ്ചായത്ത്- 2018 -19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി1-795/2020 തീയതി: 18.01.2021

# ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.02.2019 മുതൽ 31.10.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ. വി. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 10.11.2020 മുതൽ 18.11.2020 വരെ | ശ്രീ.സാബു. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.റോയ്. റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ബീന. എ. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജിമോൾ. പി. സി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ. എം.കെ.ചാക്കോ | 01.04.2018 മുതൽ 31.03.2019വരെ |

2. <u>സെക്രട്ടറി</u>

| | | |
|---|---|---|
| 1 | ശ്രീ.ജോയി മാത്യു | 01.04.2018 മുതൽ 05.04.2018 വരെ<br>16.04.2018 മുതൽ 31.03.2019 വരെ |
| 1 | ശ്രീ.സാജുമോൻ പത്രോസ് | 06.04.2018 മുതൽ 15.04.2018 വരെ |

3. <u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി യശോദ സുകുമാരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീ. വി.ശശി | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി റൂബി ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ<br>വിദ്യാഭ്യാസ കാര്യം | ശ്രീ.കെ.പി.അനിയപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |

4.<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി അമല.ജെ | 01.04.2018 മുതൽ<br>14.11.2018 വരെ |
| | | ശ്രീ.പ്രദീപ്. പി. വി | 15.11.2018 മുതൽ<br>31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ദീപ.എൽ | 01.04.2018 മുതൽ<br>15.10.2018 വരെ |
| | | ഡോ.ഐസക് സാം | 16.10.2018 മുതൽ<br>31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.നിള.എം | 01.04.2018 മുതൽ<br>31.03.2019 വരെ |
| 4 | വി.ഇ.ഒ നെടുമുടി സൌത്ത് | ശ്രീമതി പ്രജിഷകുമാരി | 01.04.2018 മുതൽ<br>31.03.2019 വരെ |
| 5 | വി.ഇ.ഒ നെടുമുടി നോർത്ത് | ശ്രീമതി സീന.ജി.തങ്കപ്പൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.അനു സുരേന്ദ്രൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റോയ് ബി.ഉണ്ണിത്താൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| 8 | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | ജയശ്രീ. കെ.എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ബിനോയ് ബോസ് | 01.04.2018 മുതൽ<br>31.03.2019 വരെ |

| | | | |
|---|---|---|---|
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സാജുമോൻ പത്രോസ് | 01.04.2018 മുതൽ 09.10.2018 വരെ |
| | | ശ്രീമതി ലീനമോൾ.എൻ.സി | 10.10.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സിനി.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ- |
| 3 | 1-14 | രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല- |
| 4 | 1-15 | വസ്തുനികുതി കുടിശിക-ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 5 | 1-16 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല -31500/-രൂപയുടെ വസ്തു നികുതി കുടിശ്ശിക |
| 6 | 1-17 | തൊഴിൽ നികുതി - നികുതി ഈടാക്കിയതിലെ അപാകതകൾ |
| 7 | 1-18 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്- |
| 8 | 1-19 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല- |
| 9 | 1-20 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും സാധനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല- |
| 10 | 1-21 | തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ചതിന് രേഖയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു- |
| 11 | 1-22 | പദ്ധതി പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു- |
| 12 | 1-23 | ലോഗ്ബുക്ക് പരിപാലനം- ക്രമപ്രകാരമല്ല- |
| 13 | 1-24 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – പദ്ധതി പൂർത്തീകരിച്ചിട്ടില്ല- |
| 14 | 1-25 | അംഗൻവാടി ഹെൽപ്പർക്ക് വർദ്ധിപ്പിച്ച വേതന കുടിശ്ശിക – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്- |
| 15 | 1-26 | ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹിച്ച പ്രവർത്തിയിൽ ചെയ്യാത്ത പ്രവർത്തിയുടെ മസ്റ്റർ റോൾ പ്രകാരം തുക നൽകി |
| 16 | 1-27 | വീട് വാസയോഗ്യമാക്കൽ - മൂല്യനിർണ്ണയസാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ച് നൽകി- |
| 17 | 1-28 | മുൻ വർഷങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- |
| 18 | 1-29 | അഗതി ആശ്രയ പദ്ധതി - അപാകതകൾ- |
| 19 | 1-30 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (പട്ടികജാതി വിഭാഗം)-അപാകതകൾ |
| 20 | 1-31 | ലൈഫ് ഭവന പദ്ധതി- അവലോകനം- |
| 21 | 1-32 | സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ പാഴായി- |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |

| | | |
|---|---|---|
| 22 | 3-1 | അംഗൻവാടി ഹെൽപ്പർക്ക് വർദ്ധിപ്പിച്ച വേതന കുടിശ്ശിക – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| 23 | 3-2 | ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹിച്ച പ്രവർത്തിയിൽ ചെയ്യാത്ത പ്രവർത്തിയുടെ മസ്റ്റർ റോൾ പ്രകാരം തുക നൽകി- |
| ഭാഗം – 4 | | |
| 24 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 25 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 26 | അനുബന്ധം 2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 132030000 | 131565000 |
| വാർഷിക കണക്ക് പ്രകാരം | 62008497 | 62285612 |

വസ്തുനിഷ്ഠമല്ലാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 10.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി1-622/2019/ 27.06.2019/19.07.2019 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13495708.91 |
| വരവ് | 62008497 |
| ആകെ | 75504205.91 |
| ചെലവ് | 62285612 |
| നീക്കിയിരിപ്പ് | 13218593.91 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14790000 | 14790000 | 13098749 | 1691251 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4510000 | 4510000 | 3919794 | 590206 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36000 | 36000 | 0 | 36000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2149000 | 2149000 | 1368848 | 780152 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3232000 | 3232000 | 3231136 | 864 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8739293 | 8739293 | 4880061 | 3859232 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 174 | 97138942 | 110 | 46834181 | 10 | 54 | 63.2 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 84154 | 354476 | 438630 | 432101 | 6529 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33675117 | 33675117 | 33675117 | 0 |
| ആകെ | 84154 | 34029593 | 34113747 | 34107218 | 6529 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109560 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 17383900 | 49 |
| വിധവാപെൻഷൻ | 5962400 | 30 |
| വാർദ്ധക്യകാല പെൻഷൻ | 11686000 | 59 |
| വികലാംഗ പെൻഷൻ | 3320500 | 12 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 731600 | 3 |
| വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2409/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രസീത് പ്രകാരമുള്ള തുക അതാത് ദിവസം ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന്റെ കൃത്യത മേലുദ്യോഗസ്ഥർ ആരും തന്നെ പരിശോധിച്ച് ബോധ്യപ്പെടുന്നില്ല. മാനുവൽ രസീത് ഉപയോഗിച്ച് നടത്തുന്ന വിവിധ പിരിവുകൾ പ്രകാരമുള്ള തുക അതാത് ദിവസം അടവാക്കുന്നതിൽ കുറവുണ്ടാകുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മേലുദ്യോഗസ്ഥരുടെ പരിശോധനയുടെ അഭാവം മൂലമാണ് ഇത് സംഭവിക്കുന്നത്.

പഞ്ചായത്തിന്റെ കെട്ടിട നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. വ്യാവസായിക കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിൽ നികുതി ഈടാക്കുന്നതു മൂലം നഷ്ടമുണ്ടാകുന്നുണ്ട്. വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്കിൽ തൻമാസത്തെ ഇന്ധന ഉപയോഗം, സഞ്ചരിച്ച ദൂരം എന്നിവയുടെ അടിസ്ഥാനത്തിലുള്ള മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

നിക്ഷേപ രജിസ്റ്ററിൽ തിരികെ നൽകാൻ അവശേഷിക്കുന്ന തുകയുടെ വർഷം തിരിച്ചുള്ള വിവരം രേഖപ്പെടുത്തുന്നില്ല. മൂന്ന് വർഷം കഴിഞ്ഞ് കാലഹരണപ്പെട്ട് ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നില്ല.

പോരായ്മകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/10/2020 | 04/2020-09/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/05/16 മുതൽ 04/06/16 വരെ | 2011-12 മുതൽ 2015-16വരെ | 26/08/16 |

1-12 <u>വാർഷിക കണക്കിലെ അപാകതകൾ</u>

വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രം കെ.എസ്.എ-എ.എൽ.പി./പി1-622/2019/27.06.2019 അനുബന്ധം 2 ൽ പറഞ്ഞിട്ടുള്ള ക്രമ നം. 3, 4, 8 എന്നിവയിൽ പറയുന്ന അപാകതകൾ മാത്രമാണ് പരിഹരിച്ചിട്ടുള്ളത്. ബാക്കി അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ-

ഔട്ട് ഡോർ കളക്ഷനായി ഉപയോഗിക്കുന്ന മാന്വൽ രസീതുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുകയും അവയുടെ അടവും തമ്മിൽ താഴെ ചേർക്കും പ്രകാരം വ്യത്യാസം കണ്ടെത്തിയിരുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം. | തീയതി | രസീതു പ്രകാരമുള്ള വരവ് | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 44986 &<br>44990 | 5 to 100<br>1 to 16 | 19.12.2019 | 81367 | 81224 | 141/- |
| 2 | 44990 | 56 to 67 | 20.01.2020 | 8473 | 7812 | 660/- |

ടി വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റന്വേഷണം (നം.2/12.11.20) നൽകിയതിനെത്തുടർന്ന് കുറവ് വന്ന തുക 801/- രൂപ 17.11.20-ലെ രസീത് നം. 1200100290 പ്രകാരം ഒടുക്കുവരുത്തി. തിരക്കു മൂലമാണ് അപാകത ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. ദിവസേനയുള്ള പണം പിരിവ്, ഒടുക്ക്, പിൻവലിക്കൽ എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും വിവരം ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പണമിടപാടുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14 രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല-

ചെമ്പുപുറം സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 19.06.2018 - ൽ പഞ്ചായത്തിൽ നിന്നും നൽകിയ 21668 നമ്പരിലുള്ള രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രസീത് ബുക്ക് ഹാജരാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22/18.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ, തുക ഒടുക്കു വരുത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 വസ്തുനികുതി കുടിശിക-ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഏറ്റവും പ്രധാന വരുമാനമായ വസ്തുനികുതിയിൽ വലിയ കുടിശ്ശിക ഉള്ളതായി കാണുന്നു. 2018-19 വർഷത്തെ വാർഷിക കണക്കുകളിലെ B15 പട്ടിക പ്രകാരം വസ്തു നികുതി 8,81,161/- രൂപ (ലൈബ്രറി സെസ്

ഉൾപ്പെടെ) മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിലും 13,52,825/- രൂപ (ലൈബ്രറി സെസ് ഉൾപ്പെടെ) തൻവർഷത്തെ കുടിശ്ശിക ഇനത്തിലും ലഭിക്കാനുണ്ട്. പഞ്ചായത്തിന് പിരിഞ്ഞു കിട്ടേണ്ട 22,33,986/- രൂപ നാളിതുവരെ പിരിച്ചെടുത്തിട്ടില്ല എന്നത് പഞ്ചായത്തിന്റെ ധനസ്ഥിതിയേയും പിരിവിന്റെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന വിഷയമായതിനാൽ കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല -31500/-രൂപയുടെ വസ്തു നികുതി കുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ 2013-14 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം & കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | ഒന്നാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് | രണ്ടാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|
| 9/212A | മാനേജർ, ബി.എസ്.എൻ.എൽ ആലപ്പുഴ | 2013-14 | 2625 | 132 | 2625 | 131 |
| | | 2014-15 | 2625 | 132 | 2625 | 131 |
| | | 2015-16 | 2625 | 132 | 2625 | 131 |
| | | 2016-17 | 2625 | 132 | 2625 | 131 |
| | | 2017-18 | 2625 | 132 | 2625 | 131 |
| | | 2018-19 | 2625 | 132 | 2625 | 131 |
| | | ആകെ | 15750 | 792 | 15750 | 786 |
| ആകെ വസ്തുനികുതി | | | 31500 | | | |
| ആകെ ലൈബ്രറി സെസ്സ് | | | 1578 | | | |

വസ്തുനികതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി - നികുതി ഈടാക്കിയതിലെ അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി സംബന്ധിക്കുന്ന റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഒടുക്കിയതിൽ കുറവ് കണ്ടെത്തിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര് | രേഖകൾ പ്രകാരം വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | നായർ സമാജം ഹൈസ്കൂൾ നെടുമുടി | ആരതി. എസ്. നായർ, ടീച്ചർ | 100568/- | 1000/- | 750/- | 250 |
| 2 | ഗവ.എൽ.പി.എസ് നടുഭാഗം | പുഷ്കരൻ. എം. ഡി, PTCM | 88870/- | 750/- | 600/- | 150 |
| | ആകെ | | | | | 350/- |

ഓഡിറ്റ് എൻക്വയറി (നം.1/16.11.2020) നൽകിയതിനെ തുടർന്ന് തൊഴിൽ നികുതിയിൽ കുറവ് വന്ന തുക 350/- രൂപ 17.11.2020 – ലെ രസീത് നം. 1200100299, 1200100300 എന്നിവ പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കിയിട്ടില്ലാത്ത അർദ്ധവർഷം |
|---|---|---|
| 1 | കേരളാ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സെയിൽസ് ഔട്ട് ലെറ്റ്, നെടുമുടി | ഒന്നാം അർദ്ധവർഷം |
| 2 | സർവ്വീസ് സഹകരണ ബാങ്ക് നം. 87 | ഒന്നാം അർദ്ധവർഷം |
| 3 | സർവ്വീസ് സഹകരണ ബാങ്ക് നം. 122 | ഒന്നാം അർദ്ധവർഷം |
| 4 | പോസ്റ്റോഫീസ്, വൈശ്യംഭാഗം | രണ്ടാം അർദ്ധവർഷം |
| 5 | പോസ്റ്റോഫീസ്, പണ്ടാരക്കളം | രണ്ടാം അർദ്ധവർഷം |
| 6 | മിനി കൽപ്പകവാടി | രണ്ടാം അർദ്ധവർഷം |
| 7 | പോസ്റ്റോഫീസ്, പൊങ്ങ | രണ്ടാം അർദ്ധവർഷം |

കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റിസോർട്ടുകളിലെ ജീവനക്കാർ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ക്ഷീര സഹകരണ സംഘങ്ങൾ, റേഷൻ കടയുടമകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം1/12.11.20) മറുപടിയിൽ ക്ഷീരസംഘങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും റിസോർട്ട് ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നികതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ഫെഡറൽ ബാങ്ക് |
| 2 | കേരളാ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സെയിൽസ് ഔട്ട് ലെറ്റ്, നെടുമുടി |
| 3 | സർവ്വീസ് സഹകരണ ബാങ്ക് നം. 87 |
| 4 | സർവ്വീസ് സഹകരണ ബാങ്ക് നം. 122 |
| 5 | എസ്.ബി.ഐ, ചമ്പക്കുളം |
| 6 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, ചമ്പക്കുളം |

നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് ഓഡിറ്റ് എൻക്വയറി (നം.1/16.11.2020) നൽകിയെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക

വർഷത്തെ നികുതി ഒടുക്കിയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-18 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്-

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>റിസോർട്ടുകളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയിൽ നിന്നും തുച്ഛമായ ലൈസൻസ് ഫീസാണ് ഈടാക്കുന്നത് (200/- രൂപ വീതം). ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പട്ടിക II (ചട്ടം 7) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് ലൈസൻസ് ഫീസ് നിശ്ചയിക്കാവുന്നതാണ്. എന്നാൽ അപ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിലോ പരിശോധനാ റിപ്പോർട്ടിലോ മൂലധന നിക്ഷേപത്തെക്കുറിച്ച് പരാമർശിച്ചിട്ടുമില്ല. മൂലധന നിക്ഷേപം അടിസ്ഥാനമാക്കി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റിസോർട്ടുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)<u>റേഷൻകടകൾ, കള്ള്ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>

1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ (പട്ടിക ക്രമ നം.149), കള്ള് ഷാപ്പുകൾ (ക്രമ നം.139) എന്നിവയ്ക്ക് പഞ്ചായത്തിന്റെ പ്രവർത്തനാനുമതി ആവശ്യമാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11/17.11.20) മറുപടിയിൽ പഞ്ചായത്തിലെ റേഷൻ വ്യാപാരികളും കള്ള് ഷാപ്പ് ഉടമകളും ലൈസൻസ് നേടി മാത്രമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന താണെന്നറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങളും വ്യവസായങ്ങളും സംരംഭങ്ങളും നിയമാനുസൃതം ലൈസൻസ് നേടിയ ശേഷമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-19 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നില്ല-

കേരള പബ്ലിക് വർക്ക് എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതൽ 2018-19 വരെ 681878/-രൂപ നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഓരോ ഇനത്തിലും നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരം സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട

ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.12/17.11.20) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നീക്കിയിരിപ്പ് തുകകളുടെ ഇനം തിരിച്ചുള്ള വർഷാന്ത്യ സംക്ഷിപ്ത കണക്ക് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും സാധനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല-

വൗച്ചർ നം.21800240/22.06.2018 പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 47,163/- രൂപയുടെ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി (ചെക്ക് നം. 016788/22.06.2018) ചെക്ക് നല്കിയിട്ടുണ്ട്. എന്നാൽ, സ്റ്റോക്ക് രജിസ്റ്റർ, വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ള ബിൽ എന്നിവ പരിശോധിച്ചതിൽ, 34070/- രൂപയുടെ സാധനങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇൻഡന്റ് പ്രകാരം ഡി & ഒ ട്രേഡ് ലൈസൻസിനുള്ള അപേക്ഷ (500 എണ്ണം), തീരുമാന രജിസ്റ്റർ (500എണ്ണം), Registration of certificate, Ruled Office plain register-100 pages(25എണ്ണം), Ruled Office plain register - 200 pages (25എണ്ണം), A4 size paper എന്നീ സാധനങ്ങൾ ലഭ്യമായിട്ടില്ല എന്ന വിവരം ചൂണ്ടി കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/ 15.11.2020)ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ രേഖകൾ 22.10.2018 ൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ച 11317/ - രൂപയുടെ A4 Size paper, D&O ലൈസൻസ് ബുക്ക് എന്നിവയുടെ മാത്രമാണ്. ആയതിനാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ ഇൻവോയിസ് പ്രകാരമുള്ള ബാക്കിയുള്ള സാധനങ്ങൾ ലഭ്യമാക്കുന്നത് വരെ രേഖകളില്ലാതെ ചെലവ് ചെയ്ത 13093/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ചതിന് രേഖയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു-

തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോജക്ട് നം. 181/2019) എന്ന പ്രോജക്ടിന്റെ അടങ്കൽ തുക 90,000/- രൂപയാണ്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 60620/-രൂപയും ലേബർ ചാർജ് ഇനത്തിൽ 29380/- രൂപയുമാണ് വകകൊള്ളിച്ചിരുന്നത്. ഇപ്രകാരം 400 എണ്ണം 9W എൽ.ഇ.ഡി ബൾബുകൾ, 300 എണ്ണം മെറ്റൽ ഷേഡ്, 10 കോയിൽ അലുമിനിയം വയർ എന്നിവ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങുന്നതിനായി 60620/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ കരാറുകാർ മുഖേന പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനായി ലേബർ ചാർജിനത്തിൽ വകയിരുത്തിയ 29380/- രൂപ ചെലവഴിച്ചിട്ടില്ല. വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിലെ 23,24,25 പേജുകളിൽ ചേർത്ത് വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അംഗീകൃത കരാറുകാർ മുഖേനയാണ് ഇവ പോസ്റ്റുകളിൽ സ്ഥാപിക്കേണ്ടത്. എന്നാൽ തെരുവ് വിളക്ക് ഉപകരണങ്ങൾ കരാറുകാർ സ്ഥാപിക്കുകയോ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ ആയത് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വാർഡ് മെമ്പർമാർ കൈപ്പറ്റിയ തെരുവ് വിളക്ക് ഉപകരണങ്ങൾ എപ്രകാരം സ്ഥാപിച്ചുവെന്നതിൽ വ്യക്തമല്ലാത്തതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 60620/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ചെലവ് വിവരം</u>

വികസന ഫണ്ട് – 27000/- (ബിൽ നം 54/23.3.2019)

തനത് ഫണ്ട് – 33620/- (ചെക്ക് നം.2850832/23.03.2019)

## 1-22 പദ്ധതി പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു-

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ചെമ്പുംപുറം ഗവ.എൽ.പി.എസ് വയറിംഗ് (പ്രോജക്ട് നം. 155/2019) എന്ന പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തുകയായ 157000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് പൊതുമരാമത്ത് അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട് (ബിൽ നം.35/16.1.2019). ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പൊതുമരാമത്ത് വകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ 12.02.2019-ൽ ഒപ്പുവെച്ച കരാർ പ്രകാരം പദ്ധതി ആറുമാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് കൈമാറിയിട്ടില്ല. പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-23 ലോഗ്ബുക്ക് പരിപാലനം- ക്രമപ്രകാരമല്ല-

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള KL 66 – A- 8358- നമ്പർ LMV mahindra TUV 300 ലോഗ് ബുക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു. ഈ വാഹനത്തിന്റേതായി ഹാജരാക്കിയ ലോഗ് ബുക്കിൽ 01.04.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിൽ പ്രതിമാസ ഇന്ധന ഉപഭോഗസംബന്ധമായ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ഇതുമൂലം ഓരോ മാസവും വാഹനത്തിന്റെ ഇന്ധന ടാങ്കിൽ മുന്നിരുപ്പുണ്ടായതും, തൻമാസം ഉപയോഗിച്ചതും, മിച്ചമുണ്ടായിരുന്നതുമായ ഇന്ധനത്തിന്റെ അളവ് എത്രയെന്ന് വ്യക്തമല്ല.

മുകളിൽ പ്രതിപാദിച്ച അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടും വാഹനത്തിന്റെ POL രജിസ്റ്റർ, അറ്റകുറ്റപ്പണി സംബന്ധമായ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ച കൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/18.11.2020) മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. തുടർ മാസങ്ങളിലെ മാസാന്ത്യ സംക്ഷിപ്തം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കേണ്ടതാണ്.

## 1-24 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – പദ്ധതി പൂർത്തീകരിച്ചിട്ടില്ല-

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി 2018-19 വർഷം വികസന ഫണ്ടിൽ നിന്നും 4,10,000/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ബിൽ നം./ തീയതി | നൽകിയ തുക |
|---|---|---|---|
| 1 | വാർഡ് 6-ൽ തോട്ടക്കാട്ട് മുതൽ മൂലേച്ചിറ വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 179/2019) | 40/22.01.2019 | 230000 |
| 2 | വാർഡ് 15-ൽ തോട്ടക്കാട്ട് മുതൽ മൂലേച്ചിറ വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 178/2019) | 39/22.01.2019 | 130000 |
| 3 | വാർഡ് 8-ൽ തോട്ടക്കാട്ട് മുതൽ മൂലേച്ചിറ വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 161/2019) | 38/22.01.2019 | 50000 |
| | ആകെ | | 410000 |

ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ 02/2019-ൽ ഒപ്പിട്ട എഗ്രിമെന്റ് പ്രകാരം മേൽ പ്രവൃത്തികൾ ആറുമാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടി പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇവ എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 410000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 അംഗൻവാടി ഹെൽപ്പർക്ക് വർദ്ധിപ്പിച്ച വേതന കുടിശ്ശിക – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്-

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം യഥാക്രമം 10000/- രൂപയായും 7000/- രൂപയായും വർദ്ധിപ്പിച്ചതിനെ തുടർന്ന് 2017ഏപ്രിൽ മുതൽ 2018 ഫെബ്രുവരി വരെ തദ്ദേശ സ്ഥാപനം നൽകേണ്ട വേതന കുടിശ്ശിക വിതരണം ചെയ്യുന്നതിനായിട്ടാണ് പ്രോജക്ട് നടപ്പാക്കിയത്. ടി പ്രോജക്ടിനായി (പ്രോ.നം 166/2019) വികസന ഫണ്ടിൽ നിന്നും ബിൽ നം - 03/30.9.2018 പ്രകാരം 4,75,668/- രൂപ ചെലവഴിച്ചിട്ടുണ്ട്. 25-ാം നമ്പർ അംഗൻവാടിയിലെ ഹെൽപ്പറായ ശ്രീമതി ലൈസാമ്മ മാത്യു 05/2017 മുതൽ അവധിയിലായതിനെ തുടർന്ന് പകരം ആളെ നിയമിക്കുകയും അവർക്ക് വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വേതന കുടിശ്ശിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ പകരം നിയമിച്ചിരുന്ന ഹെൽപ്പറോടൊപ്പം ഒരു മാസം മാത്രം ജോലി ചെയ്ത ലൈസാമ്മ മാത്യുവിനും ജൂലൈ ഒഴികെയുള്ള 10 മാസവും വേതന കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തെ വേതന കുടിശ്ശികയായ 1000/- രൂപ നൽകുന്നതിന് പകരം 9967/- രൂപ അനുവദിച്ചതുമൂലം ടിയാരിയ്ക്ക് 8967/- രൂപ അധികം നൽകുവാൻ ഇടയായിട്ടുണ്ട്. അധികം നൽകിയ തുക ലൈസാമ്മ മാത്യുവിൽ നിന്നും ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 05/16.11.2020) ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയത്. അധികം നൽകിയ 8967/- രൂപ ടിയാരിയിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-26 ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹിച്ച പ്രവർത്തിയിൽ ചെയ്യാത്ത പ്രവർത്തിയുടെ മസ്റ്റർ റോൾ പ്രകാരം തുക നൽകി

പ്രോജക്ട് നം. - എസ്.ഒ – 122/19 (നടുഭാഗം എൽ. പി. സ്കൂൾ മെയിന്റനൻസും ടോയ്‌ലെറ്റ് നിർമ്മാണവും)

അടങ്കൽ - 452300/-(MGNR)

നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ

കൺവീനർ- മൈമീനത്ത്, ഹെഡ്മിസ്ട്രസ്

ചെലവഴിച്ച തുക –ഒന്നാം പാർട്ട് ബിൽ - 325174/- ബിൽ. നം. 4/18-19,

തീയതി 25-05-2018,

ഫൈനൽ ബിൽ - 120626/- 41/18-19, തീയതി 20.03.2019

ആകെ മൂല്യം - 445800/-

അളവു പുസ്തകം - 53/16-17

പിടിഎ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആകെ 22 ഇനങ്ങളും, 15 എക്സ്ട്രാ ഇനം പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. ആദ്യ എസ്റ്റിമേറ്റ് പുതുക്കി ആയത് പെൺകുട്ടികൾക്കും, ടീച്ചേഴ്സിനും പ്രത്യേകം ടോയ്‌ലെറ്റ്, വാഷിംഗ് ഏരിയ എന്നിങ്ങനെ പുതുക്കിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

ഗുണഭോക്തൃ സമിതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഫയലിനൊപ്പം 12/17, 01/18, 02/18, 03/18, 04/18, 05/18, 01/19 എന്നിങ്ങനെ ഏഴ് മസ്റ്റർ റോളുകൾ ആണ് സൂക്ഷിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പേജ് 72 പ്രകാരം 13-ാമത്തെ എക്സ്ട്രാ ഇനം പ്രവൃത്തിയായ സോക്ക്പിറ്റ് നിർമ്മാണമാണ് 18.05.2018 ൽ അവസാനം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളിൽ 18.05.2018-ന് ശേഷം 7 മാസം കഴിഞ്ഞ് 01/19 ൽ 16.01.19 മുതൽ 25.01.2019 വരെയുള്ള തീയതികളിൽ 7 പേർ മസ്റ്റർ റോൾ പ്രകാരം ജോലി ചെയ്തതായി രേഖപ്പെടുത്തി 26000/- രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കൺവീനർ ഹാജരാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 460000/- രൂപ മാത്രമാണ്. ഇതിൽ നിന്നും മേൽ രേഖപ്പെടുത്തിയ 26000/- രൂപ കുറവ് ചെയ്തതിന് ശേഷം അവശേഷിക്കുന്നത് - 434000/- രൂപ മാത്രമാണ്.

അളവ് പുസ്തകം പ്രകാരം ആകെ മൂല്യം 445800/-രൂപ മാത്രമാണ്. കൺവീനർ പ്രവൃത്തികളിൽ യഥാർത്ഥത്തിൽ വരുന്ന ചെലവും മരാമത്ത് നിരക്കുപ്രകാരം കണക്കിലെടുക്കുന്ന നിരക്കും താരതമ്യം ചെയ്ത് അതിൽ ഏതാണോ കുറവ് അതാണ് കൺവീനർക്ക് അനുവദിക്കേണ്ടത്.

അതനുസരിച്ച് ഗുണഭോക്തൃസമിതിക്ക് നൽകാവുന്നത് - 434000/- രൂപ മാത്രമാണ്.

അധികം നൽകിയത് 445800 - 434000 = 11800/- രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/17.11.2020) മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് സ്കൂൾ ഹെഡ്മിസ്ട്രസ് - ന് കത്ത് നൽകുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 11800/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ - മൂല്യനിർണ്ണയസാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ച് നൽകി-

2018-19 സാമ്പത്തികവർഷം വികസനഫണ്ട് (എസ്.സി.പി) യിൽ 600000/- രൂപ വകയിരുത്തി വി.ഇ.ഒ. നെടുമുടി നോർത്ത് നിർവ്വഹണം ചെയ്ത പ്രോജക്ടാണ് വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നം. S 0039/19).

ചെലവ് വിവരം

| ബിൽ നം./തീയതി | തുക |
|---|---|
| 4/18-19/15.12.18 | 180000/- |
| 6/18-19/31.12.18 | 60000/- |
| 9/18-19/19.1.19 | 90000/- |
| 11/18-19/26.2.19 | 30000/- |
| 12/18-19/26.2.19 | 30000/- |
| 14/18-19/20.3.19 | 30000/- |
| ആകെ | 420000/- |

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 5 ഗുണഭോക്താക്കൾക്ക് 60000/- രൂപ വീതവും 4 ഗുണഭോക്താക്കൾക്ക് 30000/- രൂപ വീതവും വീട് വാസയോഗ്യമാക്കുന്നതിന് നൽകി. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ

ചേർക്കുന്നു.

1) 30000/- രൂപ വീതം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന 3 ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കിയതിന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മണിയമ്മ,നാൽപതിൽചിറ,ചെമ്പുപുറം

കെ.കെ.കുട്ടപ്പൻ, കൊച്ചുപറമ്പ്,ചമ്പക്കുളം

പുഷ്പവല്ലി,നാൽപതിൽചിറ,വൈശ്യംഭാഗം

2) സ.ഉ(കൈ) നം.11/2018 ത.സ്വ.ഭ.വ. തീയതി.29.1.18, ഖണ്ഡിക 8.6(2) പ്രകാരം വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം. എന്നാൽ 9 ഗുണഭോക്താക്കളും സ്വയം തയ്യാറാക്കിയ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

3) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/18.11.2020), ആനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളുടെയും മൂല്യനിർണ്ണയസാക്ഷ്യപത്രം ലഭിച്ചിരുന്നതാണെന്ന് മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക 420000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 മുൻ വർഷങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല-

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികൾക്ക് താഴെപ്പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട ഏജൻസികളോ സ്ഥാപനങ്ങളോ തുക കൈപ്പറ്റുന്നതും പദ്ധതി പ്രവർത്തനങ്ങൾക്ക് ടി തുക കൃത്യമായി യഥാസമയം വിനിയോഗിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിനായുള്ള വിവരങ്ങൾ ലഭ്യമല്ല. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക നൽകിയിട്ടുള്ള സ്ഥാപനം/ നിർവ്വഹണ ഏജൻസി | വർഷം | തുക | പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം. | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | 2014-15 | 50,000 | വൈദ്യുതിലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.132/14-15) | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 2 | | | 25000 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി (പ്രോജക്ട് നം.133/14-15) | |
| 3 | | | 19415 | തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം.128/14-15) | |
| 4 | | | 40978 | വൈദ്യുതിലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം. 134/14-15, | |
| ആകെ | | | 135393 | | |
| 5 | കേരളാ വാട്ടർ അതോറിറ്റി | 2014-15 | 39000 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം. 129/14-15) | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 6 | | | 790000 | ട്യൂബ് വെൽ നിർമ്മാണം(പ്രോജക്ട് നം. 136/14-15) | |
| 7 | | | 300000 | പൈപ്പ് ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നം. 137/14-15) | |
| 8 | | | 400000 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം. 180/14-15) | |
| 9 | | | 135000 | കുടിവെള്ളം എത്തിക്കൽ(പ്രോജക്ട് നം. 181/14-15) | |
| 10 | | 2015-16 | 50000 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം. 101/15-16) | |
| 11 | | 2017-18 | 20000 | കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം. -) | വിവരങ്ങൾ ലഭ്യമല്ല |
| ആകെ | | | 1734000 | | |
| 15 | ഗ്രൌണ്ട് വാട്ടർ അതോറിറ്റി | 2016-17 | 179000 | കുടിവെള്ള പദ്ധതിയുടെ നവീകരണം (പ്രോജക്ട് നം. 134/2016-17) | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 16 | | | 250000 | കുടിവെള്ള പദ്ധതിയുടെ നവീകരണം (പ്രോജക്ട് നം. 133/2016-17) | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 17 | | 2017-18 | 1400000 | പമ്പ് ഹൌസ് സ്ഥാപിക്കൽ (പ്രോജക്ട് നം. -) | വിവരങ്ങൾ ലഭ്യമല്ല |
| ആകെ | | | 1829000 | | |

പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം.4/12.11.20) മറുപടിയിൽ പദ്ധതികൾ പൂർത്തീകരിച്ചതായി അറിയിച്ചെങ്കിലും ഇത് സാധൂകരിക്കുന്നതിനാവശ്യമായ പൂർത്തീകരണ രേഖകളോ ധനവിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. കൂടാതെ രജിസ്റ്ററിൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരവും മേൽ സൂചിപ്പിച്ച നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുക വിനിയോഗിക്കപ്പെടാത്തതായി കാണുന്നു. ആയതിനാൽ പൂർത്തീകരിച്ചെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമ പഞ്ചായത്തിന് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് ഒഴിവാക്കേണ്ടതാണ്.

വിവിധ പദ്ധതികൾക്കായി ചെലവഴിച്ച പദ്ധതിപ്പണത്തിന്റെ സുതാര്യവും കാര്യക്ഷമവുമായ വിനിയോഗം ഉറപ്പുവരുത്തി, പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. പൂർത്തീകരിച്ച പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് .

## 1-29 അഗതി ആശ്രയ പദ്ധതി - അപാകതകൾ-

2018-19 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 400000/- രൂപ വകയിരുത്തി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത് നടപ്പിലാക്കിയ പ്രോജക്ടാണ്, അഗതി ആശ്രയ പദ്ധതികൾ (പ്രോജക്ട് നം- S 0009/19).

അംഗീകരിച്ച പ്രോജക്ട് പ്രകാരം, താഴെ ചേർക്കുന്ന വിധം തുക വകയിരുത്തിയിട്ടുണ്ട്.

ആശ്രയ ഭവന നിർമ്മാണം - 200000

ആശ്രയ കക്കൂസ് നിർമ്മാണം - 150000

ആശ്രയ കുടിവെള്ളം - 50000

400000 രൂപ സി.ഡി.എസിന്റെ എസ്.ബി.ഐ.ചമ്പക്കുളം ബ്രാഞ്ചിലെ അഗതി ആശ്രയ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.57038515459) 19.11.18 ൽ നൽകി. (ബിൽ നം.08/18-19/19.11.18. തുക. 400000/-). തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/17.11.2020), ലൈഫ് ഭവനപദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതിനാൽ മറ്റ് ഭവനപദ്ധതികളൊന്നും സമാന്തരമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാലാണ് തുക ചെലവഴിക്കാതിരുന്നതെന്നും, 12.03.2019 ൽ ചേർന്ന സി.ഡി.എസ്.യോഗത്തിന്റെ VI നം. തീരുമാനപ്രകാരം ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയും കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനം വാങ്ങി അഗതി ആശ്രയ ഗുണഭോക്താക്കൾക്കാവശ്യമായ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അനുമതി കിട്ടുന്ന മുറയ്ക്ക് ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള പദ്ധതികൾ വരും വർഷങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഇതിൽ നിന്നും ആവശ്യകത നിർണ്ണയിക്കാതെയാണ് പ്രോജക്ട് തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്. വികസനഫണ്ടിന്റെ ചെലവ് ശതമാനം കൂട്ടുന്നതിനായി പ്രോജക്ടിൽ വകയിരുത്തുന്ന തുക പൂർണ്ണമായും പിൻവലിച്ച് സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിക്കുകയും തൻവർഷം ആയതിൽ നിന്നും തുകയൊന്നും

ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന നടപടി പ്രോത്സാഹിപ്പിക്കാവുന്നതല്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (പട്ടികജാതി വിഭാഗം)-അപാകതകൾ

പ്രോജക്ട് നം. - S 0033/19

പ്രോജക്ടിന്റെ പേര് - ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ. നെടുമുടി നോർത്ത്

വികസനഫണ്ട് (എസ്.സി.പി) -1000000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 368842

ജില്ലാ പഞ്ചായത്ത് വിഹിതം - 127042

ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ - 3517798

ആകെ അടങ്കൽ - 5013682

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന നിർമ്മാണത്തിനായി നാലുഗഡുക്കളായി 400000/- രൂപ നൽകുന്നതായിരുന്നു പ്രോജക്ട്. 2018-19 ൽ ആരംഭിച്ച പ്രോജക്ടിലെ 10 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് 2018-19 ൽ പ്രവൃത്തി പൂർത്തീകരിച്ചത്. 3 പേർ 2019-20 ലും 2 പേർ 2020-21 ലും പ്രവൃത്തി പൂർത്തീകരിച്ചു. തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്തവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക, തീയതി | അപാകതകൾ |
|---|---|---|---|
| 1 | നിർമ്മല, കരീത്ര, വൈശ്യംഭാഗം | 40000/03.11.2018 | പ്രവൃത്തി ആരംഭിച്ചില്ല |
| 2 | ഉഷാകുമാരി, കൊച്ചുപറമ്പ്, ചമ്പക്കുളം | 40000/03.11.2018 | പ്രവൃത്തി ആരംഭിച്ചില്ല |
| 3 | വിജയമ്മ,പാക്കേരിൽലക്ഷംവീട്,ചെമ്പുംപുറം | 40000/23.01.2019<br>160000/01.02.2020<br>100000/13.03.2020<br>60000/27.07.2020 | 360000/- രൂപ കൈപ്പറ്റിയിട്ട് അടിത്തറനിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയത്. |
| 4 | കൊച്ചുമോൾ,നൂറുപറചിറ,ചെമ്പുംപുറം | 40000/10.11.2018<br>160000/16.02.2019<br>100000/22.07.2019<br>40000/27.02.2020<br>20000/30.03.2020 | 360000/- രൂപ കൈപ്പറ്റിയിട്ട് അടിത്തറനിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയത്. |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/18.11.2020), താഴെ ചേർക്കുംപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം.1, 2 ലെ നിർമ്മല, ഉഷാകുമാരി എന്നിവർക്ക് നൽകിയ അഡ്വാൻസ് തുക 40000/- രൂപ പ്രളയത്തിന് ശേഷം അടിത്തറ നിർമ്മാണത്തിന് പര്യാപ്തമല്ല എന്ന് ഗുണഭോക്താക്കൾ അറിയിച്ചിരുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാഞ്ഞത്. പുതിയ ഭരണസമിതി

നിലവിൽവന്നശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ക്രമ നം.3 ലെ വിജയമ്മ മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. തുടർന്നുള്ള പ്രവൃത്തികളും പൂർത്തീകരിച്ചശേഷം അവസാനഗഡു നൽകുന്നതാണ്. ക്രമ നം.4 ലെ കൊച്ചുമോൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. പൂർത്തീകരണഫോട്ടോ ഹാജരാക്കുന്ന മുറയ്ക്ക് അവസാനഗഡു നൽകുന്നതാണ് എന്നും വി.ഇ.ഒ.അറിയിച്ചു.

2018-19 സാമ്പത്തിക വർഷം അഡ്വാൻസ് തുക 40000/- രൂപ കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത നിർമ്മല, ഉഷാകുമാരി എന്ന 2 ഗുണഭോക്താക്കളെ ഭവനനിർമ്മാണം ആരംഭിക്കുന്നതിന് പ്രേരിപ്പിക്കേണ്ടതും വിജയമ്മ, കൊച്ചുമോൾ എന്ന 2 ഗുണഭോക്താക്കളിൽ നിന്നും ഭവനനിർമ്മാണം പൂർത്തിയായതിന്റെ രേഖകൾ ലഭ്യമാക്കിയതിനുശേഷം മാത്രം അവസാനഗഡു നൽകേണ്ടതുമാണ്.

## 1-31 ലൈഫ് ഭവന പദ്ധതി- അവലോകനം-

സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യത്തോടെ നെടുമുടി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട്, 18.11.2020 – ൽ വി.ഇ.ഒ. നെടുമുടി സൗത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) ലഭിച്ച മറുപടി, ലൈഫ് പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം, (എസ്.സി & ജനറൽ) വിഭാഗത്തിൽ ആകെ 135 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തു. ആയതിൽ 102 പേർ അർഹരായി, പഞ്ചായത്തുമായി കരാർവച്ചു. 99 പേർ നിർമ്മാണം ആരംഭിച്ചു. 88 പേർ നിർമ്മാണം പൂർത്തിയാക്കി. വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആദ്യഗഡു - 102

രണ്ടാംഗഡു - 99

മൂന്നാംഗഡു - 95

നാലാം ഗഡു - 88

2018-19 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | ഹഡ്കോ |
|---|---|---|---|---|
| 3960000 | 1482907 | 1081428 | - | 14682769 |

ലൈഫ് പദ്ധതിപ്രകാരം നടന്നിട്ടുള്ള ഭവനനിർമ്മാണത്തിന്റെ ഘട്ടം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| കരാർ ചമച്ചവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽ പൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കിയവർ | വീട് നിർമ്മാണം പൂർത്തിയാക്കിയവർ |
|---|---|---|---|---|
| 102 | 99 | 98 | 95 | 88 |

ഒന്നാം ഗഡു 40000/- രൂപ കൈപ്പറ്റിയതും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ 3 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ദിലീപ്, കൊച്ചുപറമ്പ്, പൊങ്ങ (ജനറൽ)

ഉഷാകുമാരി, കൊച്ചുപറമ്പ്, ചമ്പക്കുളം (പട്ടികജാതി)

നിർമ്മല, കരീത്ര, നടുഭാഗം (പട്ടികജാതി)

ഭവനനിർമ്മാണം നടക്കാത്ത പക്ഷം ഇവരിൽ നിന്നും തുക പലിശസഹിതം ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ പാഴായി-

2018-19 വർഷം നെടുമുടി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സ് ആയ തുക |
|---|---|---|---|---|
| 1. | മെയിന്റനൻസ് ഗ്രാന്റ് (NR) | 3232000.00 | 3231136.00 | 864.00 |
| 2. | മെയിന്റനൻസ് ഗ്രാന്റ്(R) | 2149000.00 | 1368848.00 | 780152.00 |
| 3. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8739293.00 | 4880061.00 | 3859232.00 |
| 4. | വികസന ഫണ്ട് (SCP) | 4510000.00 | 3919794.00 | 590206.00 |
| 5. | വികസന ഫണ്ട് (ജനറൽ) | 14790000.00 | 13098749.00 | 1691251.00 |
| 6. | വികസന ഫണ്ട് (റ്റി.എസ്.പി) | 36000 | -- | 36000 |

മേൽ കണക്കുകൾ പരിശോധിച്ചാൽ ഗ്രാമ പഞ്ചായത്തിന്റെ ഈയിനത്തിലെ ആകെ ചെലവ് 79.20% മാത്രമാണ് എന്ന് കാണാം. ഏകദേശം 20.80% തുകയാണ് ചെലവഴിക്കപ്പെടാതെ പോയത്. പഞ്ചായത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ അഭിവൃദ്ധിക്ക് ഉതകുമായിരുന്ന തുകയാണ് ഇപ്രകാരം പാഴായത്. വളരെയേറെ സമയവും അദ്ധ്വാനവുമാണ് പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെ ചെലവഴിക്കപ്പെടുന്നത്. യഥാസമയം പദ്ധതി നിർവ്വഹിക്കപ്പെടാത്തത് മൂലം ഇതിനായി ചെലവഴിക്കപ്പെടുന്ന സമയവും മനുഷ്യഅദ്ധ്വാനവും പാഴാകുന്നു.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മേഖല തിരിച്ചുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ഉൽപ്പാദനം) | 16238070.00 | 1200284.00 | 7.39 |
| പൊതുവിഭാഗം (സേവനം) | 32850381.00 | 6616311.00 | 20.14 |
| പൊതുവിഭാഗം (പശ്ചാത്തലം) | 15750277.00 | 2667850.00 | 16.93 |
| പട്ടികജാതി വിഭാഗം (ഉൽപ്പാദനം) | 1410000.00 | 0 | 0 |
| പട്ടികജാതി വിഭാഗം (സേവനം) | 9525507.00 | 1615601.00 | 16.96 |

മേഖല തിരിച്ചുള്ള ചെലവുകളിലും വളരെ ഗണ്യമായ കുറവാണ് തൻവർഷം ഉണ്ടായിട്ടുള്ളത് എന്ന് മേൽ കണക്കുകളിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം വിവിധയിനം ഗ്രാന്റുകളുടെയും, ആയവയുടെ തന്നെ മേഖല തിരിച്ചുള്ള വിനിയോഗത്തിലും ഗണ്യമായ കുറവ് ഉണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/18-11-20) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അംഗൻവാടി ഹെൽപ്പർക്ക് വർദ്ധിപ്പിച്ച വേതന കുടിശ്ശിക – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം യഥാക്രമം 10,000/- രൂപയായും 7,000/- രൂപയായും വർദ്ധിപ്പിച്ചതിനെ തുടർന്ന് 2017 ഏപ്രിൽ മുതൽ 2018 ഫെബ്രുവരി വരെ തദ്ദേശ സ്ഥാപനം നൽകേണ്ട വേതന കുടിശ്ശിക വിതരണം ചെയ്യുന്നതിനായിട്ടാണ് പ്രോജക്ട് നടപ്പാക്കിയത്. ടി പ്രോജക്ടിനായി (പ്രോജക്ട് നം. 166/2019) വികസന ഫണ്ടിൽ നിന്നും ബിൽ നം - 03/30.9.2018 പ്രകാരം 4,75,668/- രൂപ ചെലവഴിച്ചിട്ടുണ്ട്. 25-ാം നമ്പർ അംഗൻവാടിയിലെ ഹെൽപ്പറായ ശ്രീമതി ലൈസാമ്മ മാത്യു 05/2017 മുതൽ അവധിയിലായതിനെ തുടർന്ന് പകരം ആളെ നിയമിക്കുകയും അവർക്ക് വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വേതന കുടിശ്ശിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ പകരം നിയമിച്ചിരുന്ന ഹെൽപ്പറോടൊപ്പം ഒരു മാസം മാത്രം ജോലി ചെയ്ത ലൈസാമ്മ മാത്യുവിനും ജൂലൈ ഒഴികെയുള്ള 10 മാസവും വേതന കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തെ കുടിശ്ശികയായ 1000/-രൂപ നൽകുന്നതിനു പകരം 9967/- രൂപ അനുവദിച്ചതുമൂലം ടിയാരിക്ക് 8967/- രൂപ അധികം നൽകുവാൻ ഇടയായിട്ടുണ്ട്. അധികം നൽകിയ തുക ലൈസാമ്മ മാത്യുവിൽ നിന്നും ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 05/16.11.2020) ഐ.സി.ഡി.എസ്

സൂപ്പർവൈസർ മറുപടി നൽകിയത്. അധികം നൽകിയ 8967/- രൂപ ടിയാരിയിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-2 ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹിച്ച പ്രവർത്തിയിൽ ചെയ്യാത്ത പ്രവർത്തിയുടെ മസ്റ്റർ റോൾ പ്രകാരം തുക നൽകി-

പ്രോജക്ട് നം. - എസ്.ഒ – 122/19 (നടുഭാഗം എൽ. പി. സ്കൂൾ മെയിന്റനൻസും ടോയ്‌ലെറ്റ് നിർമ്മാണവും)

അടങ്കൽ - 452300/-(MGNR)

നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ

കൺവീനർ- മൈമീനത്ത്, ഹെഡ്മിസ്ട്രസ്

ചെലവഴിച്ച തുക –ഒന്നാം പാർട്ട് ബിൽ - 325174/- ബിൽ. നം. 4/18-19,

തീയതി 25-05-2018,

ഫൈനൽ ബിൽ - 120626/- 41/18-19, തീയതി 20.03.2019

ആകെ മൂല്യം - 445800/-

അളവു പുസ്തകം - 53/16-17

പിടിഎ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആകെ 22 ഇനങ്ങളും, 15 എക്സ്ട്രാ ഇനം പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. ആദ്യ എസ്റ്റിമേറ്റ് പുതുക്കി ആയത് പെൺകുട്ടികൾക്കും, ടീച്ചേഴ്സിനും പ്രത്യേകം ടോയ്‌ലെറ്റ്, വാഷിംഗ് ഏരിയ എന്നിങ്ങനെ പുതുക്കിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഫയലിനൊപ്പം 12/17, 01/18, 02/18, 03/18, 04/18, 05/18, 01/19 എന്നിങ്ങനെ ഏഴ് മസ്റ്റർ റോളുകൾ ആണ് സൂക്ഷിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം പേജ് 72 പ്രകാരം 13-ാമത്തെ എക്സ്ട്രാ ഇനം പ്രവൃത്തിയായ സോക്ക്പിറ്റ് നിർമ്മാണമാണ് 18.05.2018 ൽ അവസാനം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളിൽ 18.05.2018-ന് ശേഷം 7 മാസം കഴിഞ്ഞ് 01/19 ൽ 16.01.19 മുതൽ 25.01.2019 വരെയുള്ള തീയതികളിൽ 7 പേർ മസ്റ്റർ റോൾ പ്രകാരം ജോലി ചെയ്തതായി രേഖപ്പെടുത്തി 26000/- രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കൺവീനർ ഹാജരാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 460000/- രൂപ മാത്രമാണ്. ഇതിൽ നിന്നും മേൽ രേഖപ്പെടുത്തിയ 26000/- രൂപ കുറവ് ചെയ്തതിന് ശേഷം അവശേഷിക്കുന്നത് - 434000/- രൂപ മാത്രമാണ്.

അളവ് പുസ്തകം പ്രകാരം ആകെ മൂല്യം 445800/-രൂപ മാത്രമാണ്. കൺവീനർ പ്രവൃത്തികളിൽ യഥാർത്ഥത്തിൽ വരുന്ന ചെലവും മരാമത്ത് നിരക്കുപ്രകാരം കണക്കിലെടുക്കുന്ന നിരക്കും താരതമ്യം ചെയ്ത് അതിൽ ഏതാണോ കുറവ് അതാണ് കൺവീനർക്ക് അനുവദിക്കേണ്ടത്.

അതനുസരിച്ച് ഗുണഭോക്തൃസമിതിക്ക് നൽകാവുന്നത് - 434000/- രൂപ മാത്രമാണ്.

അധികം നൽകിയത് 445800 - 434000 = 11800/- രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/17.11.2020) മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് സ്കൂൾ ഹെഡ്മിസ്ട്രസ് - ന് കത്ത് നൽകുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം

ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 11800/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1651050 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 1114065 | 536985 |
| | | 419239 | ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) | 368842 | 50397 |
| | | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| | | 174000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 174000 | 0 |
| | | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | | 100000 | അനുപൂരക പോഷകാഹാരം | 100000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 954386 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 954386 | 0 |
| | | 127072 | ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) | 127042 | 30 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | | 580000 | അങ്കണവാടി നിർമ്മാണം | 0 | 580000 |
| | | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം. | 410000 | 0 | 410000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) 68/2018/ത.സ്വ.ഭ.വ 18.05.2018 | 14682769 | 0 | 0 | 0 | 14682769 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-12 | 2011-12 | 3-1-19 | കേരകൃഷി പ്രോജക്ട് ഏറ്റെടുക്കാത്തത് സംബന്ധിച്ച് | പരിഹരിച്ചിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതായ രേഖകൾ ലഭ്യമാക്കിയില്ല |
| 2009-10 | 3-12 | 2011-12 | 3-1-19 | ഇടവിളകൃഷി പ്രോജക്ട് ഏറ്റെടുക്കാത്തത് സംബന്ധിച്ച് | പരിഹരിച്ചിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 2009-10 | 3-10 | 2011-12 | 3-2-11 | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നേടാത്തത് സംബന്ധിച്ച് | എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി വാങ്ങുന്നുണ്ട് |
| 2009-10 | 3-6 | 2011-12 | 3-1-8 | 6 ലക്ഷം രൂപ ചെലവഴിച്ചിട്ടും തരിശുനിലം കൃഷിയോഗ്യമായില്ല | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |
| 2014-15 | 2-1 | 2016-17 | 2(1)-ൽ അനുബന്ധം.4 | തൊഴിൽ നികുതി | മറുപടി നൽകിയിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | 2(2)-ൽ അനുബന്ധം.5 | തൊഴിൽ നികുതി | തുക അടച്ചതായി അറിയിച്ചെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |

## 4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62008497 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62285612 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20767 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1060713 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-25 | | 8967 | ശ്രീമതി.നിള. എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | | 11800 | ബിനോയ് ബോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 20767 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 13093 | ശ്രീ. ജോയിമാത്യു, സെക്രട്ടറി |
| 1-21 | 60620 | ശ്രീ. ജോയിമാത്യു, സെക്രട്ടറി |
| 1-22 | 157000 | ശ്രീ. ജോയിമാത്യു, സെക്രട്ടറി |
| 1-24 | 4,10,000 | ശ്രീ. ജോയിമാത്യു, സെക്രട്ടറി |
| 1-27 | 4,20,000 | ശ്രീമതി സീന. ജി. തങ്കപ്പൻ, വി.ഇ.ഒ നെടുമുടി നോർത്ത് |
| ആകെ | 1060713 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയിമാത്യു, സെക്രട്ടറി | സെക്രട്ടറി | കായൽപ്പുറം ഹൗസ്, കൈനകരി പി.ഒ, ആലപ്പുഴ |
| ശ്രീമതി നിള.എം ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചമ്പക്കുളം | ജോസ് വില്ല, കൈനകരി പി.ഒ, ആലപ്പുഴ |
| ബിനോയ്ബോസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നെടുമുടി ഗ്രാമപഞ്ചായത്ത് | ശ്രീനന്ദനം, എസ്.എൻ.പുരം, ചേർത്തല |
| സീന.ജി.തങ്കപ്പൻ, വി.ഇ.ഒ | വി.ഇ.ഒ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | കട്ടത്തറചിറ, കൈനകരി പി.ഒ, ആലപ്പുഴ. |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97<br>2005-06 | എൽ.എഫ്.ജി.എ5/832/2011/31.01.2012<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07,2007-08 | എൽ.എഫ്.ജി.എ5/1577/2014/16.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5/1577/14/07.06.2014 |
| 2009-10 | എൽ.എഫ്.ജി.എ5/1577/14/16.05.2014 |
| 2010-11,2011-12 | എൽ.എഫ്.എ.പി.1/766/13/21.01.14/11.04.2014 |
| 2012-13,2013-14 | എൽ.എഫ്.എ.പി.1/1990/14 |
| 2014-15 | കെ.എസ്.എ.എ.എൽ.പി1/87/2016/11.02.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി1/36/17/17.01.2017 |
| 2016-17 | കെ.എസ്.എ.എ.എൽ.പി1/723/17/19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി1/177/2019/08.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി/പി.1/795/2020 തീയതി: 18.01.2021

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ